മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനെപ്പറ്റി ദയവായാലോചിച്ചു ആ തോട്ടകെട്ടും കളക്കടവും പണികഴിച്ചുതന്നാൽ കൊള്ളാം.

മിസ്റ്റർ ടി. കെ. നായർ: പണി കഴിച്ചിട്ടുണ്ടെന്നാണ് അറിയുന്നതു്. ഇല്ലെന്നാണെങ്കിൽ ഞാൻ ആ സ്ഥലത്തുപോയി നോക്കാം.

MARKETING SOCIETY, BEE-KEEPES' SOCIETY, ETC.

248. Mr. K. S. Panicker *(Ezhuvas-Mukundapuram)*:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് ദയവായി മറുപടി പറയാമോ.—

(എ) മാക്കറിംഗ് സൊസൈറ്റി Bee-keeper's Co-operative Society, മറ്റു "Industrial' Co-operative സൊസൈറ്റികൾ പരസ്പരസഹായസംഘം റജിസ്ട്രാർ അവർകളുടെ കീഴിലുള്ളതു് ആയിരുന്നതു്;

(ബി) ഇപ്പോൾ ഈ സൊസൈറ്റികൾ വ്യവസായ വകുപ്പിന്റെ അധികാരത്തിലേക്കു മാറ്റിയിട്ടുണ്ടോ,

(സി) ഉണ്ടെങ്കിൽ എന്നുമുതൽക്കു്;

(ഡി) അങ്ങിനെ മാറ്റുവാൻ ഉണ്ടായ കാരണമെന്തു്;

(ഇ) Paid Secretary മാരെ നിയമിച്ചിട്ടുള്ള ഏതെങ്കിലും സംഘം ഇപ്പോൾ പരസ്പര സഹായസംഘം വകുപ്പിന്റെ കീഴിലുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതെല്ലാം;

(ജി) പരസ്പരസഹായസംഘം ഡിപ്പാർട്ട്മെണ്ടിൽനിന്നു് വ്യവസായ ഡിപ്പാർട്ട്മെണ്ടിലേക്കു് മാറ്റിട്ടുള്ള സംഘങ്ങൾ അസിസ്റ്റാണ്ടു് വ്യവസായഡയറക്ടരുടെ കീഴിലാക്കിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എന്നുമുതൽക്കു്; അങ്ങിനെയാക്കാനുള്ള പ്രത്യേകകാരണമെന്തു്?

Mr. T. K. Nayar *(Minister for Rural Development)*:

(എ) അതെ.

(ബി) ഈ സൊസൈറ്റികളുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ വ്യവസായ വകുപ്പിലേക്കു മാറ്റിട്ടുണ്ടു്.

(സി) മാക്കറിങ്ങ് സൊസൈറ്റി ഫൻ ര ര നവമ്പർ ന-ാംനു- മുതൽ, Bee-keeping Society 8th August 1944 മുതൽ.

കുത്താമ്പിള്ളി നെയ്ത്തുസംഘം
എരവത്തോടി ടി
കുന്നത്തുപാളയം ടി
തലപ്പിള്ളി ജാഗറി ആൻഡ് ഷുഗർ ഇൻഡസ്ട്രിയൽ ആൻഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
} ഫൻർര ഒക്ടോബർ ന-ാംനു- മുതൽ

(ഡി) വ്യവസായവകുപ്പിൽനിന്നും കടംവാങ്ങി അനുവദിച്ചിട്ടുള്ളതിനാലും ടി സംഖ്യ വ്യവസായപോഷണത്തിനായി ഉപയോഗിക്കുന്നതിനാലും ഇവയുടെ പരിപോഷണത്തിനു് ഇവ വ്യവസായവകുപ്പിന്റെ കീഴിലായിരിക്കുന്നതു് നന്നായിരിക്കുമെന്നു് ഗവണ്മെണ്ടിനു് ബോദ്ധ്യമായതിനാലും.

(ഇ) ഗവണ്മെണ്ടിൽനിന്നും നിയമിച്ചിട്ടുള്ളവ ഒന്നുമില്ല.

(എഫ്) ഉത്തരം ആവശ്യമില്ല.

(ജി) ഉണ്ടു്.

(എച്ച്) ന-ാം ഉപചോദ്യത്തിനു് ഉത്തരമായി പറഞ്ഞിരിക്കുന്നതിയതിമുതൽക്കുതന്നെ. അസിസ്റ്റാണ്ടു് ഡയറക്ടർ കുടിൽവ്യവസായങ്ങളുടെ മേൽനോട്ടത്തിനു് പ്രത്യേകമായി നിയമിതനായിരിക്കകൊണ്ടു് അപ്രകാരം ചെയ്യുന്നതു ആവശ്യമാണെന്നു് ഗവണ്മെണ്ടിനു തോന്നുകയാൽ.

ഉത്തരം ഡി. യിൽ അവസാനമായി 'ലും' എന്നു കാണുന്നതു് 'ൽ' എന്നാക്കിയാൽ മതി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഭരണകാര്യങ്ങളിൽ അസിസ്റ്റണ്ടു് ഡയറക്ടർ കോ-ഓപ്പറേറ്റീവ് റജിസ്ട്രാരുടെ കീഴിലാണോ?

മിസ്റ്റർ ടി. കെ. നായർ: അല്ല, ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസിന്റെ കീഴിലാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്". പണിക്കർ: സംഘങ്ങളുടെ ഭരണം സംബന്ധിച്ചു കാര്യങ്ങളിൽ റജിസ്ട്രാരുടെ കീഴിലാണോ?

മിസ്റ്റർ ടി. കെ. നായർ: അതെ. സംഘങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കൺട്രോൾ മുഴുവനും റജിസ്ട്രാരുടെ കീഴിലാണ്" ആ സംഘങ്ങൾ ഏതേതു തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ടോ ആ തൊഴിലുകളെ ബാധിക്കുന്ന ഡിപ്പാർട്ടുമെണ്ടുകളുടെ കീഴിലുമായിരിക്കും.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: പെയ്ഡ്" സിക്രട്ടറിമാരെ നിയമിച്ചിട്ടുള്ള ഏതെങ്കിലും സംഘം ഇപ്പോൾ പരസ്പരസഹായസംഘം വകുപ്പിന്റെ കീഴിലുണ്ടോ എന്നു ചോദിച്ചതിനു" ഗവർമ്മെണ്ടിൽനിന്നും സിക്രട്ടറിമാരെ നിയമിച്ചിട്ടില്ലെന്നു പറഞ്ഞിട്ടുണ്ടു".

മിസ്റ്റർ ടി. കെ. നായർ: അങ്ങിനെ പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എസ്സ്" പണിക്കർ: ഇതിൽ പറഞ്ഞിരിക്കുന്നതു അങ്ങിനെയാണു".

മിസ്റ്റർ ടി. കെ. നായർ: എവിടെയാണ" പറഞ്ഞിരിക്കുന്നതു"?

മിസ്റ്റർ കെ. എസ്സ്". പണിക്കർ: (ഇ) ഗവർമ്മെണ്ടിൽനിന്നും നിയമിച്ചിട്ടുള്ളവ ഒന്നുമില്ല.

മിസ്റ്റർ ടി. കെ. നായർ: കോ-ഓപ്പറേറീവ" റജിസ്ട്രാരുടെ കീഴിൽ ഇല്ല എന്നാണ" അതിന്റെ അർത്ഥം.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അതുകൊണ്ടു സിക്രട്ടറിമാരെ ഗവർമ്മെണ്ടിൽനിന്നും നിയമിച്ചിട്ടുണ്ടു"?

മിസ്റ്റർ ടി. കെ നായർ: നോട്ടീസ്സ" വേണം.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: സിക്രട്ടറിമാരുടെ ശമ്പളം എന്താണു"?

മിസ്റ്റർ ടി. കെ. നായർ: പലതരത്തിലുണ്ടു". പത്തു രൂപ്പിക മുതൽ ൨൦, ൨൫ക വരെയുണ്ടു".

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അവക്കു വല്ല ക്വാളിഫിക്കേഷനും നിശ്ചയിച്ചിട്ടുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: അങ്ങിനെ ഒരു ക്വാളിഫിക്കേഷൻ ക്ലിപ്തപ്പെടുത്തീട്ടില്ല. ഒരു തോതിൽ സ്റ്റഡി ഫൈനൽകാരായിട്ടുള്ളവരെ വെച്ചിട്ടുണ്ടു". സൊസയിറ്റിയുമായി പരിചയം സിദ്ധിച്ചിട്ടുള്ളവരുടെ കാര്യത്തിൽ ക്വാളിഫിക്കേഷൻ നോക്കാറില്ല, പുറമെനിന്നുവെക്കുന്നവർക്കൊക്കെ സ്റ്റഡിഫൈനൽ ക്വാളിഫിക്കേഷൻ ആവശ്യമാണു".

Mr. K. T. Achyuthan *(Ezhuvas-Talappalli):* May I know, Sir, whether there has been considerable improvement in the working of the societies after this?

Mr. T. K. Nayar *(Minister for Rural Development):* That is my personal experience.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഈ സംഘങ്ങളെല്ലാം അസിസ്റ്റണ്ടു" ഡയറക്ടരുടെ കീഴിലേക്കു മാറ്റിയപ്പോൾ അദ്ദേഹത്തിനു" കൂടുതൽ ജോലിയുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: ചോദ്യത്തിന്റെ സാരം മനസ്സിലായില്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: സംഘങ്ങളെല്ലാം അസിസ്റ്റണ്ടു" ഡയറക്ടരുടെ കീഴിലേക്കു മാറ്റിയപ്പോൾ അദ്ദേഹത്തിനു" കുറേശ്ശെയെങ്കിലും പണി കൂടിട്ടുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: അസിസ്റ്റണ്ടു" ഡയറക്ടർക്കു ജോലിയുണ്ടാക്കുവാനായിട്ടു ഈ സംഘങ്ങൾ മാറ്റിയതല്ല. സാധാരണ ആളുകളെ ജോലിയിൽ നിയമിക്കുമ്പോൾ ആദ്യം ഒരു ജോലിയുമില്ലെങ്കിലും കാലക്രമേണ കൂടികൂടി വരാവുന്നതാണു".

മിസ്റ്റർ കെ. എസ്സ്". പണിക്കർ: മറ്റുള്ള സൊസൈറ്റികളുംകൂടി അങ്ങോട്ടു മാറ്റുവാൻ ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: കടംവാങ്ങു സൊസൈറ്റികളെപ്പറ്റിയാണൊ ചോദിക്കുന്നതു"?

മിസ്റ്റർ കെ. എസ്സ്" പണിക്കർ: അതെ.

മിസ്റ്റർ ടി. കെ നായർ: കടംവാങ്ങു സൊസൈറ്റികൾ മാറ്റുവാനുള്ള യാതൊരു ഉദ്ദേശവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly